15 -ാം കേരള നിയമസഭ

11 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4224 — 28-06-2024 - ൽ മറുപടിയ്ക്ക്

മാലിന്യമുക്ത നവകേരളം ക്യാമ്പയിൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യമുക്ത നവകേരളം ക്യാമ്പയിൻ നടപ്പിലാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ കുറവുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (എ) | **ഹരിത ഓഡിറ്റിങ് മുഖേന കണ്ടെത്തിയ മാലിന്യ സംസ്കാരണ മേഖലയിലെ വിടവുകൾ പരിഹരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനു 13-11-2023 തീയതിയിലെ സ.ഉ.(കൈ) നം. 198/2023/LSGD നമ്പർ ഉത്തരവ് പ്രകാരം മാർഗ്ഗ നിർദ്ദേശം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ ഫണ്ടുകൾ വിനിയോഗിച്ച് തദ്ദേശ സ്ഥാപനങ്ങൾ പദ്ധതികൾ തയ്യാറാക്കി ആയത് നടപ്പിലാക്കി വരുന്നു.**<br><br>**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ നടപ്പിലാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ കുറവുകൾ പരിഹരിക്കുന്നതിന് വാതിൽപ്പടി ശേഖരണത്തിനായി നിലവിൽ ആകെ 35,352 ഹരിതകർമ്മസേന അംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്ത് 77,10,853 വീടുകളും, 7,11,597 സ്ഥാപനങ്ങളും നിലവിൽ വാതിൽപ്പടി ശേഖരണത്തിൽ സഹകരിച്ച് വരുന്നുണ്ട്. സംസ്ഥാനത്തെ ആകെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 642 എണ്ണം ക്ലീൻ കേരള കമ്പനി മുഖേനയും 344 എണ്ണം പ്രൈവറ്റ് ഏജൻസി മുഖേനയും 24 എണ്ണം ക്ലീൻ കേരള കമ്പനിയും പ്രൈവറ്റ് ഏജൻസികളും മുഖേനയും പാഴ് വസ്തു നീക്കം ചെയ്യുന്നതിന് കരാർ വച്ച് പ്രവർത്തിച്ച് വരുന്നു. 100% വാതിൽപ്പടി ശേഖരണം നടത്തുന്ന 231 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 90-99% വാതിൽപ്പടി ശേഖരണം നടത്തുന്ന 321 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും 50-89% വാതിൽപ്പടി ശേഖരണം നടത്തുന്ന 425 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും 30-49% വാതിൽപ്പടി ശേഖരണം നടത്തുന്ന 46 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും 30% ൽ താഴെ വാതിൽപ്പടി ശേഖരണം നടത്തുന്ന 11 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമാണുള്ളത്.** |

| | | | |
|---|---|---|---|
| | | | **സംസ്ഥാനത്ത് പാഴ്വസ്തു ശേഖരിച്ച് സൂക്ഷിക്കുന്നതിനായി 1213 MCF കളും, 17,733 മിനി MCF കളും 138 RRF കളും സ്ഥാപിച്ച് പ്രവർത്തനം നടത്തിവരുന്നു.** |
| (ബി) | ഇതിനായി വിവിധ ധനസ്രോതസ്സുകൾ സംയോജിപ്പിച്ച് പദ്ധതി രൂപീകരണം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ? | (ബി) | **വിവിധ വിഭവ സ്രോതസ്സുകൾ ഫലപ്രദമായി സംയോജിപ്പിച്ചുകൊണ്ട് മാലിന്യ സംസ്കരണത്തിനുള്ള സമഗ്രപദ്ധതികൾ തയ്യാറാക്കുന്നതിനായി 10.07.2023 തീയതിയിലെ സ.ഉ.(സാധാ) നം 1401/2023/LSGD, 18.12.2023 തീയതിയിലെ സ.ഉ.(സാധാ) നം 2511/2023/LSGD ഉത്തരവുകൾ പ്രകാരം നിർദ്ദേശം നൽകി. പ്രസ്തുത ഉത്തരവുകൾ പ്രകാരം വിവിധ സ്രോതസ്സുകളിലുള്ള ഫണ്ടുകൾ സംയോജിപ്പിച്ച് പ്രോജക്ടുകൾ തയ്യാറാക്കാൻ നിർദ്ദേശിക്കുകയും ഇതിനായി പ്രത്യേക പരിശീലനം നൽകുകയും പ്രത്യേക ടീമിനെ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ